**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3683** | **12-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണത്തിൽ അപാകതയുണ്ടെന്ന് ചെന്നൈ ഐ.ഐ.ടി. കണ്ടെത്തിയ കോഴിക്കോട് കെ.എസ്.ആർ.ടി.സി. സുമച്ചയം ബലപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് കെ.എസ്.ആർ.റ്റി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ Repair & Rehabilitation ജോലികളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ lessee ആയ M/s. Alif Builders WP(c) No. 32457/2023 പ്രകാരം കേസ് നൽകിയിട്ടുണ്ട്. ത്രികക്ഷി കരാർ പ്രകാരം കെട്ടിടത്തിന്റെ Repair & Rehabilitation ജോലികൾ ചെയ്യേണ്ടത് lessee യുടെ ഉത്തരവാദിത്തമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഹൈക്കോടതിയെ കെ.റ്റി.ഡി.എഫ്.സി. അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമുച്ചയത്തിലെ കടമുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | M/s. Alif Builders-മായി 26/08/2021-ൽ വെച്ച ത്രികക്ഷി കരാർ പ്രകാരം കോഴിക്കോട് കെ.എസ്.ആർ.റ്റി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോർ ഒഴികെയുള്ള എല്ലാ നിലകളും M/s. Alif Builders-ന് അലോട്ട് ചെയ്ത് നൽകിയിട്ടുള്ളതാണ്. M/s. Alif Builders, WP(c) No. 32457/2023 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ വിധി വരുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിൽ മൂന്ന് കിയോസ്കുകൾ കെ.റ്റി.ഡി.എഫ്.സി. വാടകക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ